"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് - ശ്രീ. രാരാരാജ് ആർ. കെഎഎസ് (PEN : 932790) - ന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ ആലുവ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയുടെ അധിക ചുമതല വഹിച്ച കാലയളവിലെ ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3007/2025/GAD തീയതി, തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണറുടെ 06.01.2025 - ലെ SGST/7395/2024-PD(E)9 നമ്പർ നടപടിക്രമം.
2. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് അഡീഷണൽ കമ്മീഷണറുടെ 04.06.2025 - ലെ SGST/7252/2024-PD(E)9 നമ്പർ കത്ത്.
3. സ.ഉ. (സാധാ) നം. 2512/2025/പൊഭവ തീയതി, 10.06.2025.

**ഉത്തരവ്**

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ഇടുക്കി ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതും, നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ ആയി സേവനമനുഷ്ഠിക്കുന്നതുമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീ. രാരാരാജ് ആർ. കെഎഎസ് - ന് പരാമർശം (1) പ്രകാരം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് ആലുവ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയുടെ അധിക ചുമതല നൽകി ഉത്തരവായിരുന്നു. തുടർന്ന്, ശ്രീ. രാരാരാജ് ആർ. കെഎഎസ് - ന് ആലുവ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയുടെ അധിക ചുമതല വഹിച്ചിരുന്ന 01.02.2025 മുതൽ 05.04.2025 വരെയുള്ള കാലയളവിലേക്ക് ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവാകണമെന്ന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് അഡീഷണൽ കമ്മീഷണർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാരാരാജ് ആർ. കെഎഎസ് - ന് ആലുവ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയുടെ അധിക ചുമതല നൽകിയ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണറുടെ നടപടി സർക്കാർ പരാമർശം (3) പ്രകാരം സാധൂകരിച്ച് നൽകുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർവീസ് ചട്ടങ്ങൾ ഭാഗം I,

ചട്ടങ്ങൾ 53 (b) (2) [as amended vide G.O.(P) No. 88/2017/Fin dated 11.07.2017], 53 A II (b) (1), 53 (c) എന്നിവ പ്രകാരം ശ്രീ. രാരാരാജ് ആർ. കെഎഎസ് (PEN : 932790) - ന് അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 01.02.2025 മുതൽ 05.04.2025 വരെയുള്ള കാലയളവിലേക്ക് ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

ശ്രീ. രാരാരാജ് ആർ. കെഎഎസ്, അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (07.07.2025 - ലെ (E.2959933): EXP-A2/627/2024-FIN നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 11-07-2025 14:56:44
സെക്ഷൻ ഓഫീസർ